# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2302 — 08.12.2015-ലെ മറുപടിയ്ക്ക്

## സഹകരണ വകുപ്പിൽ വകുപ്പ് പുന:സംഘടന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | സഹകരണ വകുപ്പിൽ വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനായി എന്തെങ്കിലും ചർച്ചകളോ നടപടികളോ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സഹകരണ വകുപ്പിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്ന നടപടിയുടെ ഭാഗമായി പുനഃസംഘടനാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയം ഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) എന്ന സ്ഥാപനത്തിന് ഫീസിനത്തിൽ നൽകുന്നതിനായി 2012-13 വാർഷിക പദ്ധതി പ്രകാരം സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണ പദ്ധതിയിൻകീഴിൽ 9,77,532/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സി.എം.ഡി സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം വകുപ്പിന്റെ ജനറൽ വിഭാഗത്തിന്റെ പുനഃസംഘടനാ പഠനം നടത്തിയതിന്റെ ഭാഗമായി തിരുവനന്തപുരത്തെ സഹകരണ സംഘം രജിസ്ട്രാർ ആഫീസിലും തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, വയനാട് ജില്ലയിലെ മാനന്തവാടി, |

ഉൾപ്പെടെയുള്ള 9 അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകളിലും സി.എം.ഡി.യുടെ ഉദ്യോഗസ്ഥർ സന്ദർശിച്ച് ഫീൽഡ് സ്റ്റഡി നടത്തുകയും, ടി ആഫീസുകളിലെ ജീവനക്കാരുമായും, ഉദ്യോഗസ്ഥന്മാരുമായും, സഹകരണ സംഘം രജിസ്ട്രാറുമായും ചർച്ച നടത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സി.എം.ഡി കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി കരട് റിപ്പോർട്ടിന്മേൽ സി.എം.ഡി.യുമായി സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ചർച്ച നത്തിയിട്ടുണ്ട്. സി.എം.ഡിയുടെ അന്തിമ റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | വകുപ്പ് പുന:സംഘടനയുടെ ഭാഗമായി ഇതുവരെ സർക്കാർ നടത്തിയ ചർച്ചകളിൽ പങ്കെടുത്തവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | സഹകരണ വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി പഠനം നടത്തിയ സി.എം.ഡി. എന്ന സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുമായി സഹകണ സംഘം രജിസ്ട്രാർ, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ മറ്റ് ഉദ്യോഗസ്ഥർ, തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർ, ടി ജില്ലകളിലെ 8 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ, മാനന്തവാടി താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ, ടി ജില്ലാ-താലൂക്ക് ആഫീസുകളിലെ ജീവനക്കാർ എന്നിവർ ചർച്ച നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ